**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1728** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിൽ മണ്ണ് പര്യവേഷണ വകുപ്പ് വഴി നടന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2016 മെയ് മുതൽ 2024 വരെ മണ്ണ് പര്യവേഷണ വകുപ്പ് വഴി നടന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇനി നടക്കാനുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (എ) | 2016 മെയ് മുതൽ 2024 വരെ കാട്ടാക്കട നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ആർ.ഐ.ഡി.എഫ് XXII-ൽ ഉൾപ്പെടുത്തി മീനംപള്ളിതോട് നീർത്തട പദ്ധതി, സൂക്ഷ്മ നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ജലസമൃദ്ധിയിൽ ഉൾപ്പെടുത്തി കുളത്തുമ്മൽതോട് ഒന്നാംഘട്ടം, രണ്ടാംഘട്ടം (ചെമ്പനാകോട് നീർത്തട പദ്ധതി), കരിങ്ങൽ നീർത്തട പദ്ധതി എന്നിവയും, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി കിള്ളികുറുന്തോട്ടംതോട് പുനരുദ്ധാരണം, ആട്ടറത്തലക്കൽ കോട്ടറക്കൽ തോട് നീർത്തട പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.<br>2018 ഫെബ്രുവരിയിൽ പ്രവൃത്തികൾ ആരംഭിച്ച മീനംപള്ളിതോട് നീർത്തട പദ്ധതി 59.77703 ലക്ഷം രൂപ ചെലവഴിച്ച് 2023 സെപ്റ്റംബർ മാസത്തിലും, 2019 നവംബർ മാസത്തിൽ ആരംഭിച്ച കിള്ളികുറുന്തോട്ടം തോട് പുനരുദ്ധാരണം 1.80831 ലക്ഷം രൂപ ചെലവഴിച്ച് 2020 ഫെബ്രുവരി മാസത്തിലും, 2019 ഡിസംബർ മാസത്തിൽ പ്രവൃത്തികൾ ആരംഭിച്ച കുളത്തുമ്മൽതോട് ഒന്നാംഘട്ടം 71.89955 ലക്ഷം രൂപ ചെലവഴിച്ച് 2022 മാർച്ച് മാസത്തിലും, 2022 ജൂൺ മാസത്തിൽ ആരംഭിച്ച കുളത്തുമ്മൽതോട് രണ്ടാംഘട്ടം 40.11539 ലക്ഷം രൂപ ചെലവഴിച്ച് 2023 മാർച്ച് മാസത്തിലും, 2022 ഡിസംബർ മാസത്തിൽ ആരംഭിച്ച കരിങ്ങൽ നീർത്തട പദ്ധതി 28.13781 ലക്ഷം രൂപ ചെലവഴിച്ച് 2024 മാർച്ച് മാസത്തിലും പൂർത്തീകരിച്ചിട്ടുണ്ട്. 2023 ഒക്ടോബർ മാസം ആരംഭിച്ച ആട്ടറത്തലക്കൽ കോട്ടറക്കൽ തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 16.83216 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2024-25 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത |

| | | | |
|---|---|---|---|
| | | | ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള 25 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ ഭരണാനുമതിക്കുള്ള ശുപാർശ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ